# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2691 18.06.2018 ൽ മറുപടിക്ക്**

**നെന്മിനി പ്രീ-മെട്രിക്ക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പട്ടികജാതി വികസനവകുപ്പിന് കീഴിൽ, പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സാങ്കേതികാനുമതി നൽകിയിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രവൃത്തി ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ;<br><br>(സി) നാളിതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതുമൂലം വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന ഹോസ്റ്റലിന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിക്കുന്നതിനായി ലഭ്യമായ സ്ഥലത്ത് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ വിഭാഗത്തിൽ നിന്നും 3 നിലകളിലായി 1054 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമായിട്ടുണ്ട്. ടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിലവിലെ പി.ഡബ്ല്യൂ.ഡി നിരക്കുകൾ പ്രകാരം 250 ലക്ഷത്തിന് മുകളിൽ നിർമ്മാണ ചെലവ് വരുന്നതിനാൽ സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിലേക്ക് 19/04/2018-ൽ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. ഡിസൈൻ കിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയും അതുവഴി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതുമൂലം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിന്റെ ബുദ്ധിമുട്ടുകൾ മാറുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ